സ്റ്റേഡിയങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി

123 (2574) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്റ്റേഡിയങ്ങളെക്കുറിച്ചും അവയുടെ നിലവാരത്തെക്കുറിച്ചും വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അന്താരാഷ്ട്ര മത്സരങ്ങൾ നടത്താൻ ഉതകുന്ന സ്റ്റേഡിയങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റേഡിയങ്ങളുടെ കാര്യത്തിൽ പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സ്റ്റേഡിയങ്ങളെ കായികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഫുട്ബോളിൽ നിരവധി താരങ്ങളെ സംഭാവന ചെയ്ത മലപ്പുറം ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫുട്ബോൾ ഗ്രൗണ്ട് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കായിക വികസനത്തിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിലും ലോക്സഭ, അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു. ഈ പദ്ധതിയനുസരിച്ച് 50 ശതമാനം കേന്ദ്ര ധനസഹായ പദ്ധതി വിഹിതം, എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം സ്പോർട്സ് കൗൺസിൽ ഫണ്ട് എന്നിവ ഉപയോഗിച്ച് അസംബ്ലി, പാർലമെന്റ് നിയോജകമണ്ഡലങ്ങൾ, താലൂക്ക് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ അതാതിടത്തെ പ്രചാരമേറിയ കായികയിനത്തിന് മെച്ചപ്പെട്ട പരിശീലനം ലഭ്യമാകത്തക്ക വിധത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. കൂടാതെ ഗ്രാമീണ മേഖലയിലെ സർക്കാർ സ്കൂളുകൾക്ക് നിലവിലുള്ള കളിസ്ഥലം മെച്ചപ്പെടുത്താനും കായിക ഉപകരണങ്ങൾ വാങ്ങാനുമായി കേന്ദ്ര സർക്കാർ ഒന്നരലക്ഷം രൂപ ഗ്രാന്റനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) അനുയോജ്യമായ നിർദ്ദേശം വന്നാൽ ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഈ കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly